LIBRARY ARCHIVES Kerala Legislative Assembly

പുതുശ്ശേരിമല-ചെറുവള്ളിക്കാവ് ക്ഷേത്രത്തിലെ മോഷണം

65 (4500) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി പഞ്ചായത്തിലെ പുതുശ്ശേരിമല-ചെറുവള്ളിക്കാവ് ക്ഷേത്രത്തിൽ എന്നാണ് മോഷണം നടന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് എന്നാണ് പോലീസിൽ പരാതി ലഭിച്ചത് ;

(സി) എന്തൊക്കെ വസ്തുക്കളാണ് മോഷണം പോയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത് സംബന്ധിച്ച് എന്നാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത് ;

(ഇ) പ്രതികളെ അറസ്റ്റ് ചെയ്യുകയോ തൊണ്ടിമുതൽ കണ്ടെടുക്കുകയോ ഉണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ കേസിലെ പ്രതിക്കളെപ്പറ്റി എന്തെങ്കിലും സൂചന ലഭിക്കുകയുണ്ടായോ ;

(ജി) ഈ കേസ് തെളിയിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 4-6-2003-ന് 19.30 മണിക്കും 5-6-2003-ന് 5.45 മണിക്കും ഇടയ്ക്കുള്ള ഏതോ സമയത്താണ് മോഷണം നടന്നത്.

(ബി) 5-6-2003-ൽ.

(സി) ചില്ലറ നാണയങ്ങളും നോട്ടുകളും ഉൾപ്പെടെ 4,000 രൂപയാണ് മോഷണം പോയത്.

(ഡി) 5-6-2003-ലാണ് ടി കേസിന്റെ അന്വേഷണം ആരംഭിച്ചത്.

(ഇ) ഇല്ല. കേസ് തെളിയിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ക്രിമിനലുകളെ ചെക്ക് ചെയ്തും മോഷ്ടാക്കളെപ്പറ്റി അന്വേഷണം നടത്തിയും ശാസ്ത്രീയകുറ്റാന്വേഷണ രീതികൾ അവലംബിച്ചും ഈ കേസ് തെളിയിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

മുക്കാലുമണ്ണിൽ ജോർജുകുട്ടിയുടെ കൊലപാതകം

66 (4501) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി മുക്കാലുമണ്ണിൽ ജോർജുകുട്ടി കൊലചെയ്യപ്പെട്ടത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയതെന്നാണ് ;

(സി) കേസന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കേസ് തെളിയിക്കുവാൻ ക്രൈംബ്രാഞ്ച് പരാജയപ്പെട്ട സ്ഥിതിക്ക് അന്വേഷണം സി.ബി.ഐ.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-8-1996 പകൽ 2 മണിക്കും 13-8-1996 വൈകിട്ട് 6.45 മണിക്കും ഇടയ്ക്കുള്ള സമയം കൊലചെയ്യപ്പെട്ടതാണെന്നാണ് വെളിവായിട്ടുള്ളത്.

(ബി) 13-11-1998-നാണ് കേസ് ക്രൈംബാഞ്ചിന് കൈമാറിയത്.

(സി&ഡി) കേസ് ക്രൈംബ്രാഞ്ച് ഊർജ്ജിതമായി അന്വേഷിച്ചുവരികയാണ്. ഇതുവരെയായി 120 പേരെ ചോദ്യം ചെയ്തിട്ടുണ്ട്. വ്യക്തിപരമായ വിരോധം ആകാം കൊലയ്ക്ക് കാരണമെന്ന് അനുമാനിക്കുന്നു. പ്രതികളെ താമസിയാതെ അറസ്റ്റ് ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്.

കോട്ടയം ജില്ലയിൽ ഐ.പി.സി. 394 വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

67 (4502) ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ ഐ.പി.സി. 394 വകുപ്പ് പ്രകാരം ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ കേസുകൾ ഏതൊക്കെ പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ;

(സി) ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(ഡി) മുണ്ടക്കയം പോലീസ് സ്റ്റേഷനിൽ 126/2003 നമ്പരായി ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ഇ) ഏതെല്ലാം വകുപ്പ് പ്രകാരമാണ് പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ;

(എഫ്) ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) 19 കേസുകൾ.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly